**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1347** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഉപരിപഠനത്തിനുള്ള സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി. പരീക്ഷ റിസൾട്ടിന് ആനുപാതികമായി ഉപരിപഠനത്തിനുള്ള സീറ്റുകൾ പര്യാപ്തമാണോ എന്ന് വിദ്യാഭ്യാസവകുപ്പ് വിശകലനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ ഒന്നാം അലോട്ട്മെന്റിലെ പ്രവേശന നടപടികൾ അവസാനിച്ച് കഴിഞ്ഞപ്പോഴുള്ള സ്ഥിതി വിവര കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ഏകജാലക രീതിയിൽ പ്രവേശനം നടത്തുന്ന 271136 സീറ്റുകളിലേയ്ക്ക് 465219 വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലയ്ക്ക് പുറമേ മറ്റ് ജില്ലകളിലും അപേക്ഷിച്ച 39489 പേരുമുണ്ടായിരുന്നു. ആയതിനാൽ പ്രവേശനം നൽകേണ്ട യഥാർത്ഥ അപേക്ഷകർ 425730 മാത്രമാണ്. ആദ്യ അലോട്ട്മെന്റ് ലഭിച്ചതിൽ 201489 വിദ്യാർത്ഥികൾ പ്രവേശനം നേടിയപ്പോൾ 17065 വിദ്യാർത്ഥികൾ പ്രവേശനം തേടിയില്ല. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ച് ആകെ 385530 അപേക്ഷകർ മാത്രമേ പ്ലസ് വൺ പ്രവേശനം തേടാൻ സാധ്യതയുള്ളൂ. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ചാണെങ്കിൽ പ്രവേശനം ലഭിക്കുന്നതിനായി സംസ്ഥാനത്ത് ആകെ 159840 അപേക്ഷകർ ബാക്കിയുണ്ട്. അപേക്ഷിച്ച എല്ലാപേരും പ്ലസ് വൺ പ്രവേശനം തേടുകയാണെങ്കിൽ ആകെ 200040 അപേക്ഷകർക്കാണ് പ്രവേശനം ഉറപ്പാക്കേണ്ടത്. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ടാ പ്രവേശനം, അൺ എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ 2021 ഒക്ടോബർ 7 മുതൽ ആരംഭിക്കുകയുള്ളൂ. ഇത്തരത്തിൽ ലഭ്യമായ സീറ്റുകളും ഒഴിവ് വരുന്ന സ്പോർട്സ് ക്വാട്ട സീറ്റുകൾ പൊതു മെരിറ്റ് ക്വാട്ടാ സീറ്റുകളായി പരിവർത്തനം ചെയ്യുമ്പോൾ ഉണ്ടാകുന്ന സീറ്റുകളും കൂടി കൂട്ടുമ്പോൾ സംസ്ഥാനത്ത് ആകെ 192959 സീറ്റുകൾ ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | ഇതിന് പുറമേ വൊക്കേഷണൽ ഹയർ സെക്കന്ററി, പോളിടെക്നിക്, ഐ.ടി.ഐ മേഖലകളിലായി 97283 സീറ്റുകളും ലഭ്യമാണ്. |
| (ബി) | എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് (എ+) ലഭിക്കുന്ന കുട്ടികൾക്ക് പോലും അവർ ഇഷ്ടപ്പെടുന്ന സബ്ജക്ട് കോമ്പിനേഷൻ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കിട്ടുവാൻ ബുദ്ധിമുട്ടനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഈ വിഷയം പരിശോധിച്ച് വരുകയാണ്. |
| (സി) | എങ്കിൽ ഇതു സംബന്ധിച്ച് കുട്ടികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ഈ വിഷയം പരിശോധിച്ച് വരുകയാണ്. |
| (ഡി) | ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ മുൻകൂട്ടി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ? | (ഡി) | ഈ വിഷയം പരിശോധിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ